(ബി) ഇപ്പോഴും എത്ര തർക്കങ്ങൾ നിലവിലുണ്ട്?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 5367.

(ബി) 2835.

ദേശീയ ജലപാത

* 348. [407] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, സി. കെ. ചക്രപാണി :
,, ടി. കെ. അബ്ദു :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെസ്റ്റ് കോസ്റ്റ് കനാൽ (മഞ്ചേശ്വരം മുതൽ തിരുവനന്തപുരം വരെ) ദേശീയജലപാതയാക്കുന്നതിനു സർക്കാർ നിർദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ പദ്ധതി രൂപം കേന്ദ്രഗവൺമെന്റിനു സമർപ്പിച്ചുവോ ;

(സി) കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള ജലമാർഗ്ഗം ദേശീയ ജലപാതയായി പ്രഖ്യാപിക്കണമെന്നു സർക്കാരിന്റെ ആവശ്യം ആസൂത്രണ കമ്മീഷന്റെ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ടോ ;

(ഡി) ഏതെല്ലാം ഘട്ടങ്ങളായിട്ടാണ് ഈ ജലമാർഗ്ഗ പദ്ധതിയുടെ പണി നടത്താൻ ഉദ്ദേശിക്കുന്നത് ;

(ഇ) ഇതിനുവേണ്ടി മൊത്തം എത്ര കോടി രൂപയുടെ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എത്ര ;

(ജി) ഈ പദ്ധതി മൂലമുണ്ടാകുന്ന പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണ്?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) :

(എ) ഈ പദ്ധതി ഏറ്റെടുക്കാനുള്ള ഒരു നിവേദനം 1982 ഒക്ടോബറിൽ കേരള ജലസേചനവകുപ്പുമന്ത്രി കേന്ദ്ര ഷിപ്പിംഗ് ആൻഡ് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിക്കു സമർപ്പിച്ചിട്ടുണ്ട്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്;

(ബി) തിരുവനന്തപുരം-കൊല്ലം, കൊല്ലം-കൊച്ചി, കൊച്ചി-ബെയ്പൂർ, ബെയ്പൂർ-മഞ്ചേശ്വരം എന്നു നാല് മേഖലകൾക്കായി 145.27 കോടി രൂപക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ കൊല്ലം കൊച്ചി മേഖലക്കുള്ള 6.18 രൂപ മതിപ്പ് ചെലവുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനു അയച്ചുകൊടുത്തിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ ഭാഗമായ ആലപ്പുഴ കൊച്ചി വിഭാഗം ദേശീയ ജലപാതയായി അംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ ദേശീയ ജലഗതാഗതവകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1977-ൽ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടനുസരിച്ചു താഴെകാണുന്ന വിധത്തിൽ കനാൽ വികസിപ്പിക്കാനാണ് പരിപാടിയിട്ടത്.

1. തിരുവനന്തപുരം—കൊല്ലം (പൂവ്വാർ കനാൽ കൊല്ലങ്കോട് വരെ നീട്ടൽ ഉൾപ്പെടെ)
2. കൊല്ലം—കൊച്ചി
3. കൊച്ചിൽ—ബെയ്പൂർ
4. ബെയ്പൂർ—മഞ്ചേശ്വരം

(ഇ) ഉണ്ട്.

(എഫ്) 145.27 കോടി രൂപ

(ജി) ഉൾനാടൻ ജലഗതാഗതം വികസിപ്പിക്കുന്ന എന്നതാണ് പ്രധാന ലക്ഷ്യം. ടൂറിസം വികസനത്തിനു വളരെ വലിയ സംഭാവന ചെയ്യാൻ പ്രസ്തുത ജലപാത ഉപകരിക്കും. കൂടുതൽ തൊഴിൻ സാദ്ധ്യതകളും പ്രസ്തുത പദ്ധതി മൂലം ഉണ്ടാകും.

ചെറുകിട ഇടത്തര പട്ടണങ്ങൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതി

* 349. [408] ശ്രീ. എം. വി. രാഘവൻ :
.. എ. കെ. പത്മനാഭൻ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
.. ടി. കെ. അബ്ദു :
,, ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ഇടത്തരം പട്ടണങ്ങളുടെആസൂത്രിത വികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതി അനുസരിച്ചു തെരഞ്ഞെടുക്കപ്പെടുന്ന പട്ടണങ്ങളുടെ വികസനത്തിന് പരമാവധി എത്ര തുക ചെലവ് വരുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത് ?

(ബി) 6-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് സംസ്ഥാനത്തെ ഏതെല്ലാം പട്ടണങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയത്;

(സി) ഇതിനുവേണ്ടി കേന്ദ്ര സർക്കാർ എന്തു തുക വായ്പയായി നൽകി ;

(ഡി) സംസ്ഥാന ഗവൺമെൻറിന്റെ സഹായധനം എത്ര ;

(ഇ) 7-ാം പഞ്ചവൽസര പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം പട്ടണങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) ഓരോ പട്ടണത്തിലും 100 ലക്ഷം രൂപാ വരെ ചെലവ് വരുന്ന നഗരവികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly